**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 885** **29-08-2022 - ൽ മറുപടിയ്ക്ക്**

**പട്ടിക വർഗ വിഭാഗങ്ങൾക്കിടയിൽ കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ . എൻ . ഷംസുദ്ദീൻ,<br>ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ കൃഷി അനുബന്ധ പ്രവർത്തനങ്ങൾ വികസിപ്പിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് അട്ടപ്പാടിയിൽ 'മില്ലെറ്റ് വില്ലേജ്' എന്ന പദ്ധതി കൃഷി വകുപ്പുമായി ചേർന്നും സ്വന്തമായി ഭൂമിയുള്ളതും കൃഷി ചെയ്യാൻ താൽപര്യവുമുള്ള പട്ടികവർഗ്ഗ കർഷകർക്ക് ജൈവകൃഷിയിലൂടെ ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ കൃഷി ചെയ്യുന്നതിനായി "നമത് വെള്ളാമെ" എന്ന പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.<br><br>കൂടാതെ കൃഷി വ്യാപിപ്പിക്കുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് എന്ന സ്ഥാപനം മുഖേന ആദ്യഘട്ടത്തിൽ ഇടുക്കി, വയനാട് ജില്ലകളിലായി 'ഹരിതരശ്മി' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഇവയ്ക്ക് പുറമേ ജില്ലകളിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് കാർഷിക പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. |
| (ബി) | ഇവരുടെ ഭൂമിയിൽ ആധുനിക രീതിയിലുള്ള കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) | പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത കൃഷി വികസിപ്പിക്കുന്നതിനുള്ള പദ്ധതികളാണ് വകുപ്പ് നിലവിൽ നടപ്പിലാക്കിവരുന്നത്. |

സെക്ഷൻ ഓഫീസർ